"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തരവകുപ്പ് - ജീവനക്കാര്യം- ശ്രീമതി ലിജിത എം.പി.യ്ക്ക് CPO 6273 ന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1707/2024/HOME തീയതി,തിരുവനന്തപുരം, 21-06-2024

---

പരാമർശം:-
1. 24.07.2023 തീയതിയിലെ സ.ഉ. (സാധാ) നം. 2065/2023/ആഭ്യന്തരം നമ്പർ ഉത്തരവ്
2. സംസ്ഥാന പോലീസ് മേധാവിയുടെ 08/01/2024, 05/02/2024, 08/04/2024 തീയതികളിലെ ഇ5-129136/2023/പി.എച്ച്.ക്യൂ നമ്പർ കത്തുകൾ

**ഉത്തരവ്**

ശ്രീമതി ലിജിത എം.പി. സിവിൽ പോലീസ് ഓഫീസർ-6273 ന് 31.10.2021 തീയതി മുതൽ 31.07.2023 വരെ പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത അവധിയിൽ തുടർന്ന് വരവെ ടിയാൾ തൃശ്ശൂർ ജില്ലയിൽ സ്ഥിതി ചെയ്യുന്ന കാർമ്മൽ കോളേജിൽ നിന്നും Diploma in Banking പഠിക്കുന്നതിനായി 01.08.2023 തീയതി മുതൽ 30.06.2024 തീയതി വരെയുള്ള കാലയളവിലേക്കുള്ള അവധി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും അവധിയിൽ തുടർന്നിട്ടുള്ളതുമാണ് എന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ ടിയാൾക്ക് ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ ജോലി കിട്ടിയതിനാൽ ടിയാളുടെ അവധി അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതില്ല എന്ന് അപേക്ഷിച്ചിട്ടുള്ളതും 17.10.2023 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. പഠനാവശ്യത്തിനായി 31.10.2021 തീയതി മുതൽ 31.07.2023 വരെ സർക്കാരിൽ നിന്നും ഉത്തരവായ അവധിയുടെ തുടർച്ചയായി 01.08.2023 തീയതി മുതൽ 16.10.2023 വരെയുള്ള കാലയളവ് ക്രമീകരിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ലിജിത എം.പി.യ്ക്ക് പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയ്ക്ക് തുടർച്ചയായി 01/08/2023 തീയതി മുതൽ

16/10/2023 വരെ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർ ഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം

ശ്രീമതി ലിജിത എം.പി. (CPO 6273) (സംസ്ഥാന പോലീസ് മേധാവി മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) & ഓഡിറ്റ്, കേരള , തിരുവനന്തപുരം

ധനകാര്യവകുപ്പ് (02/06/2024 തീയതിയിലെ എക്സ്പെ.എ4/580/2022/ധന നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sini George
Date: 22-06-2024 10:01:07